# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1665 — 11-02-2013 ൽ മറുപടിയ്ക്ക്

## പൊക്കാളി പാടങ്ങളും കോൾ നിലങ്ങളും

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പൊക്കാളി പാടങ്ങളുടെയും കോൾ നിലങ്ങളുടെയും വിസ്തൃതി കുറഞ്ഞുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ആലപ്പുഴ, എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളുടെ വിസ്തൃതി കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യ ങ്ങളുടെ അപര്യാപ്തതമൂലം നെൽകൃഷി ലാഭകരമല്ലാതായി തീർന്നതും ചെമ്മീൻ കൃഷിയ്ക്ക് വർദ്ധിച്ച ആദായം ലഭിക്കുന്നതുമൂലവും ആലപ്പുഴ ജില്ല യിലെ കൃഷിക്കാർ നെൽകൃഷി ഉപേക്ഷിച്ച് ചെമ്മീൻ കൃഷിയിലേക്ക് തിരിയാൻ കാരണമാകുന്നു. എറണാകുളം ജില്ലയിൽ 2000 ഹെക്ടറിൽ നിന്നും 1000 ത്തിൽ താഴെയായി കുറഞ്ഞിട്ടുണ്ട്. വർദ്ധിച്ച കൂലി ചിലവും തൊഴിലാളി ദൗർലഭ്യവും പുതിയ തലമുറയിൽ പ്പെട്ടവർ കൃഷിയിൽ താല്പര്യം കാണിക്കാത്തതും ഈ രംഗത്ത് ഉപയോഗിക്കാവുന്ന യന്ത്രസാമഗ്രികൾ ഇല്ലാത്തതുമാണ് കാരണം. |
| (ബി) ഇത്തരം പാടങ്ങളുടെ വിസ്തൃതി കുറയുന്നതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഇല്ല |
| (സി) പൊക്കാളി പാടങ്ങളിലേയും കോൾ നിലങ്ങളിലേയും ആവാസവ്യവസ്ഥ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.